**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3823** **27-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സംവിധാനം ജനകീയമാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സ്ത്രീകളുടെ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് Pink Protection Project 19/07/2021-ൽ നിലവിൽ വന്നു. ഈ സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 7 Pink Control Room Vehicle വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. Student Police Cadet Project, Hope Project Senior Citizen സഹായ പദ്ധതികളായ Neighbourhood watch, Bell of faith, ജനമൈത്രി പോലീസ് ബീറ്റ് ഓഫീസേഴ്സ് ട്രെയിനിംഗ്, Children and Police (CAP) Programme, School Protection Group, Chiri, Help Desk എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സംസ്ഥാന പ്ലാൻ പദ്ധതി 2021-22 പ്രകാരം 400 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ സംസ്ഥാനത്തെ സബ്ഡിവിഷണൽ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 200 ലക്ഷം രൂപ അനുവദിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു. State Special Branch-ൽ ഫർണിച്ചർ വാങ്ങുന്നതിനായി ഈ സർക്കാർ 13.55 ലക്ഷം രൂപ അനുവദിച്ചു. ലഹള നിയന്ത്രണ ഉപകരണങ്ങളായ Body protective gear, helmet, Barricade, Shield എന്നിവ വാങ്ങുന്നതിനും സംസ്ഥാന പ്ലാൻ പദ്ധതി പ്രകാരം 250 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും അവ വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരുകയുമാണ്. ഡ്രോണുകളുടെ ഉപയോഗം രാജ്യത്തിലെ മിക്കവാറും എല്ലാ മേഖലയിലും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കേരളാ പോലീസ് സൈബർഡോമിന്റെ കീഴിൽ ആരംഭിച്ച പുതിയ വിഭാഗം ആണ് കേരളാ പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ. |

| | | | |
|---|---|---|---|
| | | | ഡ്രോണുകളുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശോധനകളും, ടെക്നിക്കൽ വിവരങ്ങളുടെ പരിശോധനയും, പോലീസ് സേനയുടെ വിവിധ ആവശ്യങ്ങൾ നിർവഹിക്കാനുതകുന്ന രീതിയിലുള്ള ഡ്രോൺ ഡെവലപ്പ്മെന്റ്, മൊബൈൽ ആന്റി ഡ്രോൺ സിസ്റ്റം എന്നിവയും ഈ റിസർച്ച് സെന്ററിന്റെ ഭാഗമാണ്. ഡ്രോണുകളുടെ ഉപയോഗത്തിനും, ഫോറൻസിക് വിശകലനത്തിനും, അവ ഉപയോഗിച്ചുള്ള ഭീഷണികളെ പ്രതിരോധിക്കുന്നതിനുമായി ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്റർ രൂപീകരിക്കുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ ലോ-എൻഫോഴ്സ്മെന്റ് ഏജൻസിയാണ് കേരളാ പോലീസ് . |
| (ബി) | പോലീസ് സംവിധാനത്തെക്കുറിച്ചും പോലീസിന്റെ മോശം പെരുമാറ്റത്തെ സംബന്ധിച്ചും ബഹു. ഹൈക്കോടതിയുടെ പരാമർശം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാന പോലീസ് മേധാവി തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് പെരുമാറേണ്ട രീതികൾ സംബന്ധിച്ച് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. 1. ജനമൈത്രീ പോലീസ് പരിശീലനം 2. Soft Skill Training 3. Gender Sensitisation 4. Stress Management with Human relations 5. Inter Personal relationship 6. Positive handling of drug abuses 7. Life style Management. 8. Correctional Behavioural Training ഇതിനുപുറമേ സംസ്ഥാന പോലീസ് സേനയുടെ അടിസ്ഥാന ഘടകമായ പോലീസ് സ്റ്റേഷനുകൾ പൊതുജന സൗഹൃദമാക്കുന്നതിനും സ്ത്രീകൾ, കുട്ടികൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കുമായി പോലീസ് സംവിധാനം നിഷ്പക്ഷമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പോലീസ് സേനാംഗങ്ങളുടെ ജനങ്ങളോടുള്ള പെരുമാറ്റ രീതിയിൽ മാറ്റം വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | സംസ്ഥാന പോലീസ് മേധാവി തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് പെരുമാറേണ്ട രീതികൾ സംബന്ധിച്ച് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. 1. ജനമൈത്രീ പോലീസ് പരിശീലനം. 2. Soft Skill Training 3. Gender Sensitisation 4. Stress Management with Human relations 5. Inter Personal relationship 6. Positive handling of drug abuses 7. Life style Management. 8. Correctional Behavioural Training ഇതിനുപുറമേ സംസ്ഥാന പോലീസ് |

| | | | |
|---|---|---|---|
| | | | സേനയുടെ അടിസ്ഥാന ഘടകമായ പോലീസ് സ്റ്റേഷനുകൾ പൊതുജന സൗഹൃദമാക്കുന്നതിനും സ്ത്രീകൾ, കുട്ടികൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ എന്നിവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കുമായി പോലീസ് സംവിധാനം നിഷ്പക്ഷമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ